(ബി) ഉണ്ടെങ്കിൽ അവ കണ്ടുപിടിക്കുന്നതിനും ഇത്തരം മരുന്നുകളുടെ കച്ചവടം നിരോധിക്കുന്നതിനും എന്തെല്ലാം നടപടി ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം മാത്രം അത്തരം മരുന്നുകൾ സംസ്ഥാനത്ത് വിതരണം നടത്തുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ):

(എ, ബി) ഇല്ല.

(സി, ഡി) ഇല്ല.

പുതുതായി സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകൾ

*9 [78] ശ്രീ. ഇ. രാജേന്ദ്രൻ:
,, പി. രാജു:
,, കെ. പ്രകാശ്ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ):

(എ, ബി) ഇപ്പോൾ ഉദ്ദേശമില്ല.

(സി) ഉണ്ട്.

(ഡി) 1. എൻ. ആർ. ഐ. മെഡിക്കൽ അക്കാഡമി, റോബിൻസൺ റോഡ്, പി. ഒ. ബോക്സ് 956, സിങ്കപ്പൂർ.
2. മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി, കോഴിക്കോട്.
3. ലിറ്റിൽ ഫ്ളവർ ആശുപത്രി, അങ്കമാലി.
4. മെഡിക്കൽമിഷൻ ആശുപത്രി, കോലഞ്ചേരി, എറണാകുളം.
5. ദുബായ് കേരള മുസ്ലീം കൾച്ചറൽ സെന്റർ, പി. ബി. നമ്പർ 13542, ദുബായ്.

LIBRARY ARCHIVES Kerala Legislative Assembly

6. എൻ. ആർ. ഐ. കുവൈറ്റ് മെഡി കെയർ ആൻറ് എഡ്യൂക്കേഷണൽ ട്രസ്റ്റ്, കേശവദാസപുരം, തിരുവനന്തപുരം.
7. സഹകരണ മെഡിക്കൽകോളേജ് മുഴവന്നൂർ, എറണാകുളം.
8. യു. എ. ഇ. കേരള ഡോക്ടേഴ്സ് അസോസിയേഷൻ.
9. ഇൻഡോ അമേരിക്കൻ ചാരിറ്റബിൾ ട്രസ്റ്റ്, 49, ആപ്പിൾ ക്രസ്റ്റ് റോഡ് വെസ്റ്റോൺ, മാസ് 02193.
10. ഇൻഡ്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ, പി. ബി. ബോക്സ് നമ്പർ 23, അബുദാബി.
11. ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി, എറണാകുളം.
12. കാസർഗോഡ് മുസ്ലീം വെൽഫെയർ അസോസിയേഷൻ, കാസർഗോഡ്.
13. തിരുവല്ല രൂപത, ബിഷപ്പ് ഹൗസ്, തിരുവല്ല.
14. ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ.
15. ആക്ഷൻ കൗൺസിൽ ഫോർ എ മെഡിക്കൽ കോളേജ് ഇൻ കൊച്ചി.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

പിന്നോക്ക ജില്ലകൾ

1 [1073] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളെയാണ് പിന്നോക്ക ജില്ലകൾ ആയി കണക്കാക്കിയിരിക്കുന്നത്;

(ബി) പ്രസ്തുത ജില്ലകളുടെ പുരോഗതിക്കുവേണ്ടി ആവിഷ്കരിച്ചിരിക്കുന്ന വികസന പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലകളുടെ വികസനത്തിന് ലഭ്യമായിരിക്കുന്ന കേന്ദ്ര സഹായത്തെക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ.

(ബി) പിന്നോക്ക ജില്ലകളുടെ പുരോഗതിക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക വികസന പരിപാടികളിൽ ശുദ്ധജല വിതരണം, ആരോഗ്യ സംരക്ഷണം, ചെറുകിട ജലസേചനം, മണ്ണു ജല സംരക്ഷണം, വിപണന കേന്ദ്ര വികസനം എന്നിവ ഉൾപ്പെടുന്നു.

(സി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly